# മണ്ണ്

— ഷാജു ജെ. ഉണ്ണിമല —

"നീ മണ്ണാകുന്നു; മണ്ണിലേക്കു നീ പിന്തിരിയും".
(ഉൽപത്തി, 3:19).

മണ്ണായിരുന്നു ഞാൻ; മണ്ണായിമാറുവാ-
നെൻ മനമെന്തേ കൊതിച്ചുപോയി?
മണ്ണായിരുന്നു ഞാൻ; മണ്ണായിമാറണ-
മെൻ ജന്മസാഫല്യം കൈവരിക്കാൻ!

ജീവജാലങ്ങളെപ്പോറ്റുന്ന നിന്റെ നിർ-
ജ്ജീവതയെന്നിലേക്കേറ്റുവാങ്ങാൻ,
നിൻ ഹൃദയത്തിന്റെ ചൈതന്യമെന്നിലെ
തൻകാര്യഗോപുരം തച്ചുടയ്ക്കാൻ,
മണ്ണായി മാറുവാനാഗ്രഹിച്ചു ഞാൻ
നിന്നിലെൻ ഭാരമിറക്കിവയ്ക്കാൻ!

കൊത്തിക്കിളച്ചാൽ ചിതറിവീഴുന്ന നീ
എത്രസഹനങ്ങളെത്താങ്ങിടുന്നു!
ഒത്തൊരുമിപ്പിന്റെ ബാലപാഠങ്ങൾ നീ
ഇത്തിരിയെന്നിൽ പകർന്നുവയ്ക്കൂ!

ഇക്കണ്ട മേടകൾ, വണ്ടികൾ, വൃക്ഷങ്ങൾ,
ചൊല്ക്കൊണ്ട മാനവർ, ജീവികളും
നിൻകൈയിലാപദ്ഭയാശങ്കകൂടാതെ
സന്തോഷിച്ചുവാണിടുമ്പോൾ,
പൊട്ടുന്ന ബോംബിന്റെ കൈകളിൽ നിന്നതി
ഒട്ടും മടിയാതിരുന്നിടുന്നു!

→ 2

നിൻ നിരഹങ്കാര ലാളിത്യമെന്നിലേ-
യ്ക്കൊന്നു നീ സന്നിവേശിപ്പിച്ചിടുമോ?
എല്ലാർക്കുമെന്നും നന്മ ചെയ്‌വതിനായി
ട്ടെല്ലാരിലും ചെറുതാകട്ടെ ഞാൻ.
ശക്തികൾക്കൊക്കെയുറവിടമാം നിന്റെ
ശക്തിരാഹിത്യമെനിക്കു നൽകൂ.

നല്ലവസ്തുക്കളും തീയവസ്തുക്കളു-
മെല്ലാമൊരുപോലെ സ്വീകരിച്ചു.
ദുർഗ്ഗന്ധമുള്ളതും നിന്റെ വിരിമാറി-
ലുൾക്കൊണ്ടു ശുദ്ധി ചെയ്തീടുന്നു നീ.
സംശുദ്ധമാകുന്ന നിൻ വൃത്തിഹീനത
എന്നിലില്ലാതെ ചുരുങ്ങിടട്ടെ.
സർവ്വവും സ്വീകരിക്കുന്ന നിസ്സംഗത
എൻ വേലിക്കെട്ടു തകർത്തിടട്ടെ.

വെട്ടിയും കുത്തിയും നിന്നെ മുറിക്കുമ്പോ-
ഴിഷ്ടദാനങ്ങൾ ചൊരിഞ്ഞുകൊണ്ട്
ശത്രുസ്നേഹത്തിന്നുദാത്തമാം മാതൃക
അല്പന്മാർ ഞങ്ങൾക്കു നീ തരുന്നു.

നിൻ രോമപാളിയാം വൃക്ഷലതകൾ-
ക്കുള്ളിൽ തണൽ തേടീടുന്നു ഞങ്ങൾ.
നിന്റെ നിശ്വാസമാം വായുവിൽ തങ്ങുന്നു
ഞങ്ങൾക്കെല്ലാം ജീവശ്വാസധാര.

നിൻ ചങ്കു കുത്തിത്തുളച്ചുള്ള ദാഹാർത്തർ
ഞങ്ങൾ കുടിക്കുന്ന ജീവജലം
നിൻ ചങ്കിന്നുള്ളിലായ് തന്നെ നീ ഞങ്ങൾക്കു-
ഉത്തമ വിശ്രമശയ്യ തീർത്തു.

സർവ്വം സഹിക്കുവാൻ, സർവ്വം ക്ഷമിക്കുവാൻ,
സർവ്വർക്കും നന്മ ചൊരിഞ്ഞിടുവാൻ,
സർവ്വംസഹേ, നിന്റെ മാറിലേക്കെന്നെയെൻ
ഗർവ്വം തകർത്തിന്നീ ചേർത്തുകൊൾക!

——X——X——